LIBRARY ARCHIVES Kerala Legislative Assembly

കെട്ടിക്കിടക്കുന്ന ടൈറ്റാനിയം സ്പോഞ്ച്

245 (612) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ കെ.എം.എം.എല്ലിലെ ഫാക്ടറിയിൽ കെട്ടിക്കിടക്കുന്ന ടൈറ്റാനിയം സ്പോഞ്ചിന്റെ കണക്ക് വിശദമാക്കുമോ ;

(ബി) കോടികൾ വിലമതിക്കുന്ന ടൈറ്റാനിയം സ്പോഞ്ച് കെട്ടിക്കിടക്കുമ്പോഴും ഇൻഡ്യാ ഗവൺമെന്റ് ഇത് ഇറക്കുമതി നടത്തുന്നതായി അറിയുമോ ;

(സി) മുൻ കേന്ദ്ര സർക്കാരും ഇപ്പോഴത്തെ കേന്ദ്ര സർക്കാരും തുടർന്നു വരുന്ന ഈ രംഗത്തെ ഇറക്കുമതി നയം കെ.എം.എം.എല്ലിനെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ചവറ കെ.എം.എം.എൽ.-ന്റെ കൈവശം നിലവിലുള്ള ടൈറ്റാനിയം സ്പോഞ്ചിന്റെ കണക്ക് താഴെ കൊടുക്കുന്നു :

1.	ആകെ ഉല്പാദനം	-	411.359 മെട്രിക് ടൺ
2.	ആകെ വിപണനം	-	78.020 മെട്രിക് ടൺ
3.	നിലവിലുള്ള സ്റ്റോക്ക്	-	333.339 മെട്രിക് ടൺ

(ബി) M/s. MIDHANI, Hyderabad ടൈറ്റാനിയം സ്പോഞ്ച് ഇറക്കുമതി ചെയ്യുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്ന പക്ഷം കെ.എം.എം.എൽ.-ന് അനുകൂലമായ സാഹചര്യം നിലവിൽ വരും.

യെസ് ക്യാൻ 2015

246 (613) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സംരംഭകത്വ സംഗമ (യെസ്)-ത്തിന്റെ രണ്ടാം പതിപ്പായ യെസ് ക്യാൻ 2015 സംഘടിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-മൊത്തം എന്ത് തുക ചെലവഴിച്ചു; ഒന്നാം പതിപ്പിന് ചെലവായ തുക എത്രയായിരുന്നു ;

(ബി) യെസിന്റെയും യെസ് ക്യാൻ 2015-ന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) സംഘടിപ്പിക്കപ്പെട്ട പരിപാടിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയുണ്ടായോ ; എങ്കിൽ ഏത് ഏജൻസി ; വിശദമാക്കാമോ ;